**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **18-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ എത്ര സംഘങ്ങൾ ലാഭത്തിലും എത്ര സംഘങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ കേരള ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന **117** പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുണ്ട്.<br><br>ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - **45**<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം - **72**<br><br>കേരള ബാങ്കിൽ അംഗത്വം എടുത്തിട്ടുള്ള സംഘങ്ങളുടെ എണ്ണം - **116** |
| (ബി) | 2020-21, 2021-22 എന്നീ വർഷങ്ങളിൽ എത്ര പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ കേരള സഹകരണ നിയമത്തിലെ വകുപ്പ് 63 അനുശാസിക്കും പ്രകാരം തരള ധനം സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ 63 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കേരള സഹകരണ നിയമം വകുപ്പ് 63 അനുശാസിക്കും പ്രകാരം തരള ധനം സൂക്ഷിക്കുന്നുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 2020-21, 2021-22 എന്നീ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരള ധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ് ക്രെഡിറ്റ് എന്നിവ ഏതെങ്കിലും സംഘങ്ങൾക്ക് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഘങ്ങളുടെ പേര് വിവരം വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലും തരളധനം സൂക്ഷിക്കാത്തതിനാലും കേരള ബാങ്ക് അനുവദിച്ച നൽകിയിട്ടുള്ള ജനറൽ ബാങ്കിംഗ്, ഗോൾഡ് ക്യാഷ് ക്രെഡിറ്റ് എന്നിവ ഒരു സംഘത്തിനും മരവിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ